**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1233** **03-02-2026-ൽ മറുപടിയ്ക്ക്**

**<u>കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പൊതുമരാമത്ത് വകുപ്പിന് കീഴിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കിയ കരാറുകാർക്ക് നിലവിൽ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ, നിരത്തുപരിപാലനം, പാലങ്ങൾ വിഭാഗങ്ങളിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക 821.01 കോടി രൂപയാണ്. കെട്ടിട വിഭാഗത്തിൽ 357.72 കോടി രൂപയും കുടിശ്ശികയുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ നേതൃത്വത്തിൽ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നിർമ്മിച്ച തിരുവനന്തപുരം നഗര പാത വികസന പദ്ധതിയിൽ കൺസഷണർക്ക് 4-ാംഘട്ടത്തിന്റെ 19-ാമത്തെ ആന്വിറ്റി ആയ **1.92 കോടി രൂപയും** കോഴിക്കോട് നഗര പാത വികസന പദ്ധതി (ഘട്ടം-A)-യിൽ കൺസഷണർക്ക് 16-ാമത്തെ ആന്വിറ്റി പാർട്ട് 2 ആയ **4.13 കോടി രൂപയും** നൽകുവാനുണ്ട്.

**(ബി)** കുടിശ്ശിക വിതരണം ചെയ്യാത്തത് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളെയും റോഡുകളുടെ അറ്റകുറ്റപ്പണികളെയും ഉൾപ്പെടെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിലെ 2025 മെയ് മാസം വരെയുമുള്ള കുടിശ്ശിക ബില്ലുകൾ ഇപ്രകാരം തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, കരാറുകാരുടെ കുടിശ്ശിക ബില്ലുകൾക്ക് Bill Discounting System (ബി.ഡി.എസ്.) ഉം നിലവിലുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളും റോഡുകളുൾപ്പെടെയുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികളും സമയബന്ധിതമായി ചെയ്യുന്നതിനുള്ള എല്ലാ നടപടികളും കൈക്കൊള്ളുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**